വില്പന നികുതി പിരിവ് കുറ്റമറ്റതാക്കാൻ നടപടി

*29 [89] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പുസാമ്പത്തിക വർഷം വില്പന നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം ലഭിച്ച വരുമാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അധികമാണോ എന്നറിയിക്കാമോ;

(സി) വില്പന നികുതി പിരിവ് കുറ്റമറ്റതാക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടി എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 3879.60 കോടി രൂപ

(ബി) അധികമാണ്.

(സി) 1. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.

2. വില്പന നികുതിനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

3. ചരക്കുകൾ വാഹനങ്ങൾ വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞുനിർത്തി പരിശോധിച്ച് നിയമാനുസൃത രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

4. റയിൽവേ സ്റ്റേഷൻ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.

5. ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.

6. ചെക്ക്പോസ്റ്റുകൾ വഴി കടന്നുപോകുന്ന ചരക്ക് വാഹനങ്ങളെ ഇന്റലിജൻസ് വിഭാഗം പുനഃപരിശോധന നടത്തുകയും നികുതി വെട്ടിപ്പ് തടയുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly